**PRESS RELEASE**

**14-08-2023**

# Individual developers add thrust to Industrial Parks project

- **Kerala Govt revises Private Industrial Estate Scheme 2022**
- **Developers to get up to Rs 3 crore for setting up facility**

Thiruvananthapuram, Aug. 14: Kerala Government's industrial parks project has gained further momentum following the decision to expand the scope of the Private Industrial Estate (PIE) scheme to enable individual developers also to build industrial parks to step up the industrial infrastructure in the state.As per the revised scheme, individual developers having a minimum of 10 acres of land at their disposal can apply for developing industrial parks. So far, eight individual developers have been given permits to build private industrial parks in different parts of the state, and 20 applications are under process.

When it was launched, PIE scheme 2022 had stipulated that only companies, cooperatives and consortium of Micro, Small and Medium Enterprises (MSME) units were eligible to take advantage of the scheme by applying for Private Industrial Estate Developer Permit. This has been revised to facilitate individual developers also to set up industrial parks availing the incentives being provided by the government.As per the revised Policy, the Department of Industries and Commerce (DIC), Government of Kerala, will provide up to Rs 3 crore as grant for each developer to create infrastructure facilities like roads, electricity, water supply, sewage and effluent treatment plants and communication networks in private industrial parks.

Director of Industries and Commerce Shri S Harikishore said two of these parks will be operational this year itself. The state is expected to have at least 25 private industrial parks by the end of this financial year, he added.The government has set a target of having 100 private industrial parks covering an area of 1,000 acres in four years.

The private industrial parks that have been given permit include VMPS Food Park & Ventures, Kannur; Malabar Enterprises, Malappuram; Indian Virgin Spices (P) Ltd, Kottayam; Kadambur Industries Park, Palakkad; Jacob & Richard International Pvt Ltd, Kottayam; Sance Steriles Pvt Ltd, Kottayam; Delta Aggregates and Sand Pvt Ltd, Pathanamthitta; and Pathanamthitta Industrial Promotion Pvt Ltd, Pathanamthitta.

As in the case of the government parks, the policy facilitates single-window clearance for establishing private industrial parks as well.To get the Developer Permit, applications can be submitted through online and a District-Level Site Selection Committee will inspect the plot. The Committee will submit a report to the State-Level Selection Committee, headed by the Principal Secretary, Department of Industries and Commerce, which will evaluate the report and issue the Developer Permit. After getting the permit, the park has to be developed in two years.

As per the policy, the land proposed for the parks should not fall in the purview of Kerala Conservation of Paddy Land and Wetland Act 2008. Moreover, it shall not fall in ecologically sensitive areas, coastal regulation zone and plantation areas. Minimum 10 acres of land is required for leasing out the land while Standard Design Factory (SDF) needs only five acres.

Red category industries as notified by the Kerala State Pollution Control Board shall not be permitted in Private Industrial Parks. The land in the parks shall be allotted only for industrial units, it states.

For more details, visit: https://industry.kerala.gov.in/

# സ്വകാര്യ വ്യവസായ പാർക്കുകൾക്ക് മികച്ച സ്വീകാര്യത

### സംസ്ഥാനത്ത് പൂർത്തിയാകുന്നത് എട്ട് പാർക്കുകൾ;

### ലക്ഷ്യം നാലു വർഷത്തിൽ 100 പാർക്ക്

തിരുവനന്തപുരം: സംസ്ഥാനത്തെ വ്യവസായ വികസനത്തിന് കുതിപ്പേകാൻ സർക്കാർ ആവിഷ്കരിച്ച സ്വകാര്യ വ്യവസായ പാർക്കുകൾക്ക് മികച്ച സ്വീകാര്യത. സർക്കാർ മേഖലയ്ക്കു പുറമേ സ്വകാര്യ പാർക്കുകൾ കൂടി വികസിപ്പിച്ച് സംരംഭകരെ ആകർഷിക്കാനും തൊഴിൽ സൃഷ്ടിക്കാനും ലക്ഷ്യമിട്ടുള്ള പദ്ധതിയിൽ എട്ട് പാർക്കുകളാണ് വികസന ഘട്ടത്തിലുള്ളത്. നാലു വർഷം കൊണ്ട് 1000 ഏക്കറിൽ 100 സ്വകാര്യ വ്യവസായ പാർക്കുകൾ സാധ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ചുരുങ്ങിയത് 10 ഏക്കറെങ്കിലും സ്ഥലമുള്ളവർക്ക് പാർക്കിനായും അഞ്ച് ഏക്കർ സ്ഥലമുള്ളവർക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (എസ്.ഡി.എഫ്) സ്ഥാപിക്കുന്നതിനും അപേക്ഷ നൽകാം. സർക്കാർ തലത്തിലുള്ള കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായാണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക. പെർമിറ്റ് ലഭിച്ച് രണ്ടു വർഷത്തിനകം പാർക്ക് വികസിപ്പിച്ച് ഉപയോഗയോഗ്യമാക്കണം.

ഇന്ത്യൻ വിർജിൻ സ്പൈസസ്, ജേക്കബ്ബ് ആൻഡ് റിച്ചാർഡ് ഇൻറർനാഷണൽ, സാൻസ് സ്റ്റെറിൽസ് (കോട്ടയം), ഡെൽറ്റ അഗ്രിഗേറ്റ്സ് ആൻഡ് സാൻഡ്, പത്തനംതിട്ട ഇൻഡസ്ട്രിയൽ പ്രമോഷൻ (പത്തനംതിട്ട), കടമ്പൂർ ഇൻഡസ്ട്രീസ് പാർക്ക് (പാലക്കാട്), മലബാർ എൻറർപ്രൈസസ് (മലപ്പുറം), വി.എം.പി.എസ് ഫുഡ് പാർക്ക് ആൻഡ് വെഞ്ചേഴ്സ് (കണ്ണൂർ) എന്നീ സ്വകാര്യ പാർക്കുകൾക്ക് ഇതുവരെ അനുമതി ലഭിച്ചു. ഇവ വികസനത്തിൻറെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ രണ്ടെണ്ണം ഈ വർഷം തന്നെ പ്രവർത്തനസജ്ജമായി സംരംഭകർക്ക് തുറന്നു കൊടുക്കാനായേക്കും.

പുതുതായി ഇരുപതോളം അപേക്ഷകൾ ഓൺലൈനിൽ ലഭിച്ചിട്ടുണ്ടെന്നും ഇവയ്ക്കുള്ള അനുമതി ലഭിക്കുന്നതോടെ ഈ സാമ്പത്തിക വർഷം കേരളത്തിൽ 25 സ്വകാര്യ വ്യവസായ പാർക്കുകൾ നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ പറഞ്ഞു.

പെർമിറ്റ് ലഭിക്കുന്നവർക്ക് പാർക്കിലേക്കുള്ള റോഡ്, വൈദ്യുതി, ജലം, ഡ്രൈനേജ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി 3 കോടി വരെ സർക്കാർ അനുവദിക്കും. 2022 ലാണ് സ്വകാര്യ വ്യവസായ പാർക്കുകൾ രൂപീകരിക്കാനുള്ള നയം പരിഷ്കരിച്ച് സർക്കാർ ഉത്തരവ് ഇറക്കിയത്. സർക്കാർ വ്യവസായ പാർക്കിലേതു പോലെ സ്വകാര്യ പാർക്കുകൾക്ക് സിംഗിൾ വിൻഡോ അനുമതി ലഭ്യമാക്കാനും ഈ നയം ലക്ഷ്യമിടുന്നു.

പ്ലാൻറേഷൻ, വയൽ, തണ്ണീർത്തടം, തീരദേശം എന്നിവയിൽപെടാത്ത ഭൂമിയായിരിക്കണം പാർക്കിനായി കണ്ടെത്തേണ്ടത്. പാർക്കുകൾക്കായി അപേക്ഷിക്കാൻ കമ്പനികൾ, പാർട്ട്ണർഷിപ്പ് തുടങ്ങിയവയ്ക്കാണ് ആദ്യ ഉത്തരവിൽ അനുമതി ലഭിച്ചത്. പിന്നീട് 2023 ൽ ഇത് പരിഷ്കരിച്ച് വ്യക്തികൾക്കും അപേക്ഷിക്കാമെന്ന രീതിയിലേക്ക് മാറ്റി. അപേക്ഷിക്കുന്നതിനുള്ള വിശദവിവരങ്ങൾ വ്യവസായ വകുപ്പിൻറെ വെബ്സൈറ്റിൽ https://industry.kerala.gov.in/ലഭ്യമാണ്.

അപേക്ഷ സമർപ്പിച്ചാൽ ജില്ലാ തല സൈറ്റ് സെലക്ഷൻ കമ്മിറ്റി സ്ഥലം പരിശോധിച്ച് റിപ്പോർട്ട് ഡയറക്ടറേറ്റിന് കൈമാറും. ഈ റിപ്പോർട്ട് ഡയറക്ടറേറ്റിൽ നിന്നും മേൽപരിശോധന നടത്തി സർക്കാരിന് കൈമാറും. തുടർന്ന് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ കമ്മിറ്റി ചേർന്ന് ഡവലപ്പർ പെർമിറ്റിന് അനുമതി നൽകും.